**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6594** **21-03-2023 - ൽ മറുപടിയ്ക്ക്**

**മണ്ണിൽകടവ്-അഴിവാരം റീച്ചിലെ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ദേശീയപാത 766-ൽ മണ്ണിൽകടവ്-അഴിവാരം റീച്ചിലെ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരനെ ടെർമിനേറ്റ് ചെയ്യുന്ന നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | കേന്ദ്ര ഗതാഗത മന്ത്രാലയത്തിനു കീഴിലുള്ള പ്രവൃത്തി ആയതിനാൽ കരാറുകാരനെ ടെർമിനേറ്റ് ചെയ്ത് ബാക്കി പ്രവൃത്തി റീടെണ്ടർ ചെയ്യുന്നതിന് അനുമതി ആവശ്യമുള്ളതിനാൽ ടെർമിനേറ്റ് ചെയ്യാനുള്ള കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ അനുമതിക്കായി ചീഫ് എഞ്ചിനീയർ കത്ത് നൽകിയിട്ടുണ്ട്. |
| (ബി) | ഈ പ്രവൃത്തിയിൽ എത്ര ശതമാനം പൂർത്തീകരിച്ചെന്നും അവശേഷിക്കുന്ന പ്രവൃത്തികൾ എന്താണെന്നും വിശദമാക്കുമോ; | (ബി) | മൊത്തം പ്രവൃത്തികളുടെ 25% മാത്രമാണ് പൂർത്തിയായിട്ടുള്ളത്. പ്രധാന പ്രവൃത്തികളായ ബി.എം & ബി.സി നിലവാരത്തിലുള്ള ടാറിംങ് പ്രവൃത്തിയിൽ 8 കി.മി ബി.എം മാത്രമേ പൂർത്തീകരിച്ചിട്ടുള്ളു. ബാക്കി 12 കി.മി. ബി.എം, 20 കി.മി. ബി.സി എന്നീ പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്. കൂടാതെ ഡ്രൈനേജ്, സംരക്ഷണ ഭിത്തി, കൽവെർട്ട്, Traffic safety measures തുടങ്ങിയ പ്രവൃത്തികളും നടത്താനുണ്ട്. |
| (സി) | പ്രവൃത്തി എപ്പോൾ പുനരാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (സി) | MoRTH അനുമതി ലഭിച്ചാലുടൻ തന്നെ കരാറുകാരനെ ടെർമിനേറ്റ് ചെയ്ത് പ്രവൃത്തി റീ ടെണ്ടർ ചെയ്യാനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ